**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5675** **05.07.2013-ൽ മറുപടിക്ക്**

**"ആലപ്പുഴ ജില്ലയിൽ യു.പി സ്കൂൾ അദ്ധ്യാപകരുടെ നിയമനം"**

| ചോദ്യം<br>ശ്രീ.പി.തിലോത്തമൻ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ യു.പി.സ്കൂൾ അദ്ധ്യാപകരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഹെഡ്മാസ്റ്റർമാരും, അദ്ധ്യാപകരും റിട്ടയർ ചെയ്യുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ ദിവസ വേതനത്തിന് അധ്യപകരെ നിയമിച്ചിട്ടുണ്ടോ; പി.എസ്.സി ക്ക് ഇത്തരത്തിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതും സ്ഥിരം നിയമനം നടത്താത്തതും എന്തുകൊണ്ടാണ്; 2009, 2010, 2011, 2012 വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ ഉണ്ടായ യു.പി.സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ എത്രയായിരുന്നു; ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടന്നിട്ടുണ്ടോ; | (എ) ഇല്ല. 2009, 2010, 2011, 2012 വർഷങ്ങളിലായി ജില്ലയിൽ 48 യു.പി.സ്കൂൾ അദ്ധ്യാപക ഒഴിവുകൾ ഉണ്ടായി. ഇതിൽ പി.എസ്.സി.ക്ക് വിഹിതം ചെയ്യുവ റിപ്പോർട്ട് ചെയ്യുകയും, 21 നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) ആലപ്പുഴ ജില്ലയിൽ എത്ര എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് യു.പി.സ്കൂൾ അദ്ധ്യാപകരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഇപ്രകാരമുള്ള പ്രൊമോഷനുകൾ നടത്തുന്നതിനുള്ള മാനദണ്ഡവും അനുപാതവും വിശദമാക്കാമോ; | (ബി) എൽ.പി.സ്കൂൾ അദ്ധ്യാപകർക്ക് യു.പി.സ്കൂൾ അദ്ധ്യാപകരായി പ്രൊമോഷൻ നൽകാറില്ല. എന്നാൽ സീനിയറായ പി.ഡി.ടീച്ചേഴ്സിന് സ്ഥലംമാറ്റംനൽകുമ്പോൾ എൽ.പി.എസ്.എ, യു.പി.എസ്.എ ഒഴിവുകളിൽ വ്യത്യാസം വരാറുണ്ട്. ഈ വർഷം ഇങ്ങനെ 13 യു.പി.എസ്.എ ഒഴിവുകൾ കുറയുകയും ചെയ്തിട്ടുണ്ട്. |
| (സി) എൽ.പി.സ്കൂൾ അദ്ധ്യാപകരെ പ്രൊമോട്ട് ചെയ്ത് യു.പി.സ്കൂൾ അദ്ധ്യാപകരാക്കുന്നതിനും യു.പി.സ്കൂൾ അദ്ധ്യാപകരുടെ ജില്ലാന്തര സ്ഥലം മാറ്റത്തിനും നിലവിലുള്ള അനുപാതവും ശതമാനവും വ്യക്തമാക്കുമോ; | (സി) എൽ.പി.സ്കൂൾ അദ്ധ്യാപകരെ യു.പി.സ്കൂൾ അദ്ധ്യാപകരായി പ്രൊമോട്ട് ചെയ്യാറില്ല. എന്നാൽ സീനിയറായ പി.ഡി.ടീച്ചേഴ്സിന് 03.07.2007-ലെ ജി.ഒ(എം.എസ്) നം.133/07/പൊ.വി. പ്രകാരം സ്ഥലംമാറ്റം നൽകാറുണ്ട്. യു.പി.സ്കൂൾ അദ്ധ്യാപകരുടെ ജില്ലാന്തര സ്ഥലംമാറ്റത്തിന് 10% ഒഴിവുകൾ നീക്കിവയ്ക്കുന്നു. |
| (ഡി) ആലപ്പുഴ ജില്ലയിൽ ഉണ്ടായിട്ടുള്ള യു.പി.സ്കൂൾ അദ്ധ്യാപകരുടെ 2009 മുതൽ 2012 വരെയുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിൽ നിന്നും അടിയന്തിര നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) 2009 മുതൽ 2012 വരെ ഉണ്ടായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ